പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3573

10/04/2013- ൽ മറുപടിക്ക്

## കണ്ടിൻജന്റ് ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) കൽപ്പറ്റ നഗരസഭയിലെ വിവിധ ശുചീകരണ പ്രവർത്തനങ്ങൾക്കായി എത്ര സ്ഥിരം ജീവനക്കാരാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) കൽപ്പറ്റ നഗരസഭയിൽ ശുചീകരണ വിഭാഗത്തിൽ 18 സ്ഥിരം തൊഴിലാളികൾ സേവനമനുഷ്ഠിക്കുന്നു |
| (ബി) പ്രസ്തുത ജീവനക്കാരെ ഉപയോഗിച്ച് ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് കഴിയുമെന്ന് കരുതുന്നുണ്ടോ; | (ബി) ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് 3/11/2006 ലെ സ.ഉ(സാധ) 2748/06/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ തൊഴിലാളികളെ നിയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട് |
| (സി) കൽപ്പറ്റ നഗരസഭയിൽ കണ്ടിൻജന്റ് വിഭാഗത്തിൽ എത്ര പേർ തൊഴിലെടുക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) 18 സ്ഥിരം തൊഴിലാളികളും 6 ബദൽ തൊഴിലാളികളുമടക്കം 24 പേർ തൊഴിലെടുക്കുന്നു |
| (ഡി) പ്രസ്തുത ജീവനക്കാർ എത്ര കാലമായി കണ്ടിൻജന്റ് ജീവനക്കാരായി ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ; | (ഡി) എട്ട് വർഷമായി ജോലി ചെയ്യുന്നു |
| (ഇ) പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) സ്ഥിരം തസ്തികയിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് മാത്രമെ ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ |

സെക്ഷൻ ഓഫീസർ